ചെറുകുളങ്ങളിൽ ഒന്നോ രണ്ടോ മാസക്കാലം വളർത്തി വലുതാക്കി മത്സ്യവിത്ത് (ഫിംഗർലിംഗ്സ്) ആക്കിയെടുക്കുകയാണ് മത്സ്യവിത്തു വളർത്തൽ പരിപാടിയിലൂടെ ചെയ്യുന്നത്. ഇങ്ങനെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മത്സ്യവിത്ത് മുഴുവനും ജനകീയ മത്സ്യ കൃഷിക്കായി മത്സ്യകർഷക വികസന ഏജൻസികൾ വാങ്ങി മറ്റു കർഷകർക്ക് വിതരണം ചെയ്യുന്നു.

(ഇ) ജനകീയ മത്സ്യകൃഷി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾ ഏറിയപങ്കും തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 'പ്രാദേശികചന്തകൾ' വഴിയും "ഫിഷ് ബൂത്തു"കൾ വഴിയും കൂടുതൽ മത്സ്യം ഒരുമിച്ച് ഉൽപ്പാദിപ്പിക്കുന്ന പ്രദേശത്ത് ലേലം നടത്തിയും വിറ്റുവരുന്നു.

ജനകീയ മത്സ്യകൃഷി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന "ചെമ്മീനുകൾ" മുഖ്യമായും കൃഷിസ്ഥലത്തുവച്ചുതന്നെ കച്ചവടക്കാർ മത്സരാടിസ്ഥാനത്തിൽ വാങ്ങുകയാണ് ചെയ്യുന്നത്. വിറ്റഴിക്കൽ ബുദ്ധിമുട്ടുള്ള സന്ദർഭങ്ങളിൽ മത്സ്യഫെഡിന്റെ കോൾഡ് സ്റ്റോറേജിൽ സൂക്ഷിക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നുണ്ട്.

കടൽരക്ഷാ പ്രവർത്തനങ്ങൾക്ക് വയർലെസ് വാർത്താവിനിമയ സംവിധാനം

148 (897) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടൽരക്ഷാ പ്രവർത്തനങ്ങൾക്ക് വയർലെസ് വാർത്താവിനിമയ സംവിധാനം കേരളത്തിൽ ഒട്ടാകെ ഏർപ്പെടുത്തുമെന്ന് ഫിഷറീസ് മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നോ ; എങ്കിൽ ഈ സാമ്പത്തിക വർഷത്തിൽ ഈ സംവിധാനം നടപ്പിൽ വരുത്തുമോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(സി) കടൽരക്ഷാ പ്രവർത്തനത്തിനുവേണ്ടി ഒരു റേഡിയോ ഓഫീസറെ സംസ്ഥാനതലത്തിൽ നിയമിക്കുമെന്ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിക്കുക ഉണ്ടായോ ; എങ്കിൽ ഈ ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ ;

(ഡി) ഈ സംവിധാനം മത്സ്യഭവനുകളെ കൂടുതൽ കാര്യക്ഷമമാക്കുന്നതു ഏതു രീതിയിലാണെന്ന് വ്യക്തമാക്കാമോ ;

(ഇ) മത്സ്യത്തൊഴിലാളികൾക്ക് ചെറിയരീതിയിലുള്ള വയർലെസ് സെറ്റുകൾ കൊടുക്കുമെന്ന് പ്രഖ്യാപനം നടപ്പാക്കിയില്ലെങ്കിൽ ഇത് എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. പദ്ധതി ഈ സാമ്പത്തിക വർഷംതന്നെ നടപ്പിൽ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആദ്യഘട്ടമെന്ന നിലയിൽ പൊഴിയൂർ മുതൽ വൈപ്പിൻ വരെ വയർലെസ് ശൃംഖല സ്ഥാപിച്ചിരിക്കുന്ന പ്രവർത്തനം പൂർത്തിയായി. ഇതിന്റെ ഭാഗമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ 200 വാക്കിടോക്കി സെറ്റുകൾ വിതരണം ചെയ്യുന്നതാണ്. ഇതനുസരിച്ച് തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അർഹരായ 200 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെ തെരഞ്ഞെടുത്തു. വാക്കിടോക്കി വിതരണം 14-2-2001-ൽ തിരുവനന്തപുരം ജില്ലയിൽ ഉത്ഘാടനം ചെയ്തു.

രണ്ടാം ഘട്ടമായി തൃശൂർ മുതൽ കാസർഗോഡുവരെ ഈ ശൃഖല വ്യാപിപ്പിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(സി) വയർലെസ് സംവിധാനം സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുക, ബന്ധപ്പെട്ട യന്ത്രോപകരണങ്ങൾ പ്രവർത്തിപ്പിക്കുക എന്നിവയാണ് റേഡിയോ ഓഫീസറുടെ ചുമതലകൾ.

(ഡി) ഈ സംവിധാനം വഴി മത്സ്യ ഭവനുകളും കടലിൽ മത്സ്യ ബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിയും കടൽ രക്ഷാപ്രവർത്തനത്തിന് ഉപയുക്തമാക്കുന്ന ബോട്ടുകളും തമ്മിൽ നേരിട്ടു വാർത്താവിനിമയം സാദ്ധ്യമാക്കുന്നതുമൂലം രക്ഷാ പ്രവർത്തനങ്ങൾ കാലവിളംബം കൂടാതെ നടപ്പിലാക്കുവാൻ കഴിയും. കാലാവസ്ഥ മുന്നറിയിപ്പുകൾ, മത്സ്യത്തിന്റെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ മുതലായവയും മത്സ്യഭവനുകൾ വഴി കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് കൈമാറാൻ കഴിയും ഇപ്രകാരം മത്സ്യഭവനുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

(ഇ) ബാധകമല്ല.

മത്സ്യത്തൊഴിലാളി ക്ഷേമനിധി കോൺട്രിബ്യൂഷൻ

149 (898) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം മത്സ്യത്തൊഴിലാളിക്ഷേമ നിധിയിലേക്ക് കോൺട്രിബ്യൂഷൻ നൽകേണ്ട തൊഴിലാളികൾ കൂടിശ്ശിക വരുത്തിയതിന്റെ പേരിൽ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ തടഞ്ഞ സംഭവം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) മത്സ്യത്തൊഴിലാളിക്ഷേമനിധിയിലേയ്ക്കുള്ള കോൺട്രിബ്യൂഷൻ അടയ്ക്കാതിരുന്നതിന്റെ പേരിൽ മത്സ്യത്തൊഴിലാളികളുടെ ഉടമസ്ഥതയിലുള്ള യന്ത്രവൽക്കൃതബോട്ടുകൾ പിടിച്ചെടുത്ത സംഭവം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ഇത്തരം എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly